ഉത്തരം

(എ) യു.ജി.സി. ആക്ട് 2എഫ്, 12 സി എന്നീ സെക്ഷൻ അനുസരിച്ചുള്ള പരിധിയിൽവരുന്ന കോളേജുകൾക്ക് മാത്രമേ യു.ജി.സി. ഗ്രാന്റ് ലഭിക്കുകയുള്ളു.

(ബി) ഇല്ല.

(സി) പ്രസ്തുത കോളേജ് യു.ജി.സി. ആക്ടിന്റെ 2 എഫ്, 12 സി എന്നിവയുടെ പരിധിയിൽ വരാത്തതിനാൽ യു.ജി.സി. ഗ്രാന്റ് ലഭിക്കുന്നില്ല.

(ഡി-ഇ) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കോളേജ് പ്രിൻസിപ്പാളിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്. തുടർനടപടി പ്രിൻസിപ്പാൾ സ്വീകരിക്കേണ്ടതാണ്.

125 (527) **യു.ജി.സി. യിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായം**

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ യൂണിവേഴ്സിറ്റികൾക്കും 1999-2000 സാമ്പത്തിക വർഷം വിവിധ ഇനങ്ങളിലായി എത്ര രൂപ വീതം യു.ജി.സി. യിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചു; ഏതെല്ലാം ഇനങ്ങളിലാണ് ഈ സഹായം ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി ആരംഭിച്ച കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കെട്ടിടം, ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾക്ക് ധനസഹായത്തിനായി യു.ജി.സി.യെ സമീപിച്ചോ; എങ്കിൽ എത്ര രൂപ ധനസഹായം ലഭിച്ചു?

ഉത്തരം

(എ) സംസ്കൃത സർവകലാശാലയ്ക്കും കണ്ണൂർ സർവകലാശാലയ്ക്കും യു.ജി.സി. യിൽ നിന്നും 99-2000 വർഷത്തിൽ ഒരിനങ്ങളിലും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. കേരള സർവകലാശാലയ്ക്ക് 1999-2000 സാമ്പത്തികവർഷം 54 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇതിന് പുറമെ അക്കാട്ടിക് ബയോളജി വിഭാഗത്തിന് പ്രത്യേകമായി ഉപകരണങ്ങളുടെ മെയിന്റനൻസ് ഗ്രാന്റായ 1,50,000/- രൂപയും ആവർത്തന ചെലവുകൾക്കായി 1,00,000/- രൂപയും ലഭിച്ചിട്ടുണ്ട്. മറ്റ് യൂണിവേഴ്സിറ്റികൾക്ക് ലഭിച്ച സാമ്പത്തികസഹായം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) യു.ജി.സി. നിഷ്കർഷിച്ച ചില നിബന്ധനകൾ കണ്ണൂർ സർവകലാശാല നിയമത്തിൽ വരുത്തുവാനുള്ളതുകൊണ്ട് നിലവിൽ ഈ സർവകലാശാലയെ യു.ജി.സി. സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള സർവകലാശാലയുടെ പട്ടികയിൽപ്പെടുത്തിയിട്ടില്ല. അതിനാൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല.

1116/2010.

LIBRARY ARCHIVES Kerala Legislative Assembly